**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1887** **20-01-2021 - ൽ മറുപടിയ്ക്ക്**

**സ്പ്രിംക്ലർ കമ്പനിയുമായുള്ള കരാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി സ്പ്രിംഗ്ളർ എന്ന അമേരിക്കൻ കമ്പനിയുമായി ഉണ്ടാക്കിയ കരാർ പ്രകാരം എത്ര കോവിഡ് രോഗികളുടെ എന്തെല്ലാം വ്യക്തി വിവരങ്ങളാണ് കൈമാറിയത്; | (എ) | കോവിഡ്-19ന്റെ പ്രതിരോധപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വിവര വിശകലനത്തിനായി സ്പ്രിംക്ലർ എന്ന കമ്പനിക്ക് ഐ.ടി വകുപ്പ് നൽകിയ പർച്ചേസ് ഓർഡർ പ്രകാരം ചുവടെ നൽകിയിട്ടുള്ള വ്യക്തിഗത വിവരങ്ങളാണ് ശേഖരിച്ചിട്ടുള്ളത്. 1. പേര് 2. വയസ്സ്/ ജനനതീയതി 3. ലിംഗം 4. ഏതു സംസ്ഥാനത്തു നിന്നു വരുന്നത് എന്നത്. 5. നിലവിലെ വിലാസം, ജില്ല 6. കേരളത്തിലെ വിലാസം, ജില്ല, പഞ്ചായത്ത്, വാർഡ്, പിൻകോഡ് 7. ഇ-മെയിൽ 8. ഫോൺ നമ്പർ 9. രോഗലക്ഷണങ്ങൾ- പനി, ചുമ, ജലദോഷം, ശ്വാസതടസ്സം ഇവയിലേ- തെങ്കിലും ഉണ്ടോ എന്നത്. 10. നിലവിൽ മറ്റെന്തെങ്കിലും അസുഖങ്ങൾ ഉണ്ടോ എന്നത്. 25.03.2020 മുതൽ 20.04.2020 വരെ 1,84,727 റിക്കോർഡുകളാണ് ഡാറ്റാബേസിൽ ഉണ്ടായിരുന്നത്. ഇത്തരത്തിൽ വിവരങ്ങൾ ശേഖരിക്കുമ്പോഴും ഉപയോഗിക്കുമ്പോഴും സുരക്ഷ ഉറപ്പുവരുത്തുന്നതിനായി പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. വ്യക്തിഗത വിവരങ്ങൾ അനോണിമൈസ് ചെയ്തതിന് ശേഷമേ മൂന്നാമതൊരു ഏജൻസിയ്ക്ക് വിശകലനം ചെയ്യുന്നതിനായി നൽകാവൂ എന്നും പ്രസ്തുത വിവരങ്ങൾ ശേഖരിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്താൻ തീരുമാനിക്കുകയോ പരിശോധന നടത്താൻ കമ്മീഷനെ നിയോഗിക്കുകയോ ചെയ്തിട്ടുണ്ടോ; വെളിപ്പെടുത്താമോ; | (ബി) | സ്പ്രിംഗ്ളർ കമ്പനിക്ക് പർച്ചേസ് ഓർഡർ നൽകിയത് സംബന്ധിച്ച് ഉയർന്ന് വന്നിട്ടുള്ള വിഷയങ്ങൾ പരിശോധിച്ച് സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ശ്രീ.എം.മാധവൻ നമ്പ്യാർ അദ്ധ്യക്ഷനായി രണ്ടംഗ സമിതിയെ സർക്കാർ നിയോഗിച്ചിരുന്നു. പ്രസ്തുത സമിതിയുടെ റിപ്പോർട്ടിലെ കണ്ടെത്തലുകൾ ഉൾപ്പെടെ സമഗ്രമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിയ്ക്കാൻ റിട്ട.ജില്ലാ ജഡ്ജിയും മുൻ നിയമവകുപ്പ് സെക്രട്ടറിയുമായ ശ്രീ.കെ.ശശിധരൻ നായർ |

| | | | |
|---|---|---|---|
| | | | അദ്ധ്യക്ഷനായി മൂന്നംഗ വിദഗ്ധ സമിതിയെ നിയമിച്ചിട്ടുണ്ട്. കമ്മിറ്റി വിഷയങ്ങൾ പരിശോധിച്ച് വരികയാണ്. |
| (സി) | ഒരു വിദേശ കമ്പനിയുമായി കരാർ ഉണ്ടാക്കുമ്പോൾ പാലിക്കേണ്ട അടിസ്ഥാന നിയമങ്ങളും ചട്ടങ്ങളും പാലിക്കുന്നതിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | സ്പ്രിംഗ്ളർ കമ്പനിക്ക് പർച്ചേസ് ഓർഡർ നൽകിയത് സംബന്ധിച്ച് ഉയർന്ന് വന്നിട്ടുള്ള വിഷയങ്ങൾ പരിശോധിച്ച് സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ശ്രീ.എം.മാധവൻ നമ്പ്യാർ അദ്ധ്യക്ഷനായി രണ്ടംഗ സമിതിയെ സർക്കാർ നിയോഗിച്ചിരുന്നു. പ്രസ്തുത സമിതിയുടെ റിപ്പോർട്ടിലെ കണ്ടെത്തലുകൾ ഉൾപ്പെടെ സമഗ്രമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിയ്ക്കാൻ റിട്ട.ജില്ലാ ജഡ്ജിയും മുൻ നിയമവകുപ്പ് സെക്രട്ടറിയുമായ ശ്രീ.കെ.ശശിധരൻ നായർ അദ്ധ്യക്ഷനായി മൂന്നംഗ വിദഗ്ധ സമിതിയെ നിയമിച്ചിട്ടുണ്ട്. കമ്മിറ്റി വിഷയങ്ങൾ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ